# ഇടശ്ശേരിയുടെ ആധ്യാത്മികത

ഡോ.സി. രാജേന്ദ്രൻ

ഷെല്ലിയുടെ പ്രശസ്തമായ വാനമ്പാടി ഗീതത്തിൽ കവി വാനമ്പാടിയോട് അതിന്റെ അനിർവ്വചനീയാഹ്ലാദത്തിന്റെ മൂലസ്രോതസ്സ് ഏതാണെന്ന് സാദ്ഭുതം ചോദിക്കുന്നുണ്ട്. തീർച്ചയായും ഇടശ്ശേരി ഗോവിന്ദൻനായർ എന്ന കവിയോടു ചോദിക്കേണ്ട ചോദ്യമേയല്ല ഇത്. വാനമ്പാടിയെപ്പോലെ മതിമറന്നാഹ്ലാദിച്ചുപാടാൻ തന്നിലെ യാഥാർത്ഥ്യബോധം അദ്ദേഹത്തെ ഒരിക്കലും അനുവദിക്കുമായിരുന്നില്ലല്ലോ. തനിക്കു ചുറ്റുമുള്ള ലോകത്തിന്റെ അനുഭവതീക്ഷ്ണതകളെ ആവിഷ്ക്കരിക്കാനാണ് കവിയെന്ന നിലയ്ക്ക് ഇടശ്ശേരി എന്നും ശ്രമിച്ചത്. എന്നാൽ ഷെല്ലിയുടെ ചോദ്യത്തിന്റെ മാതൃകയിലുള്ള മറ്റൊരു ചോദ്യം ഇടശ്ശേരിയോടു ചോദിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ പ്രത്യയസ്ഥൈര്യത്തിന്റെ ഉറവിടം എന്താണെന്നതാവും ആ ചോദ്യം. ഇടശ്ശേരിയെ ഏതെങ്കിലും ഒരു കവിത്രയത്തിന്റെ ഭാഗമായി നോക്കിക്കാണാൻ നാം ഉത്സാഹിച്ചാൽ – ത്രയങ്ങളിൽ തളച്ചിട്ടതാണല്ലോ നമ്മുടെ ചിന്താശീലം – ആ കൂട്ടത്തിലെ ഇതരാംഗങ്ങൾ എൻ.വി.യും വൈലോപ്പിള്ളിയുമായിരിക്കും. മൂന്നു കവികളും സമ്മുഖീകരിച്ചത് ധർമ്മസങ്കടങ്ങളുടെയും മൂല്യത്തകർച്ചയുടെയും ആയ ഒരു പുതുകാലത്തിനെയായിരുന്നു. എൻ.വി. പലപ്പോഴും സമ്പൂർണ്ണസിനിസിസത്തിന്റെ തലത്തിലേക്കു പ്രകോപനാത്മകമായി കടന്നുചെന്നപ്പോൾ വൈലോപ്പിള്ളി വിഭക്താത്മാവായി നിലകൊണ്ടു. എന്നാൽ ഇടശ്ശേരി ഒരിക്കലും സാഹചര്യങ്ങൾ തന്നെ കീഴ്പ്പെടുത്താൻ അനുവദിച്ചില്ല. ഒരു ഗ്രാമീണകർഷകന്റെ കരുത്തോടെയാണദ്ദേഹം സമകാലികയാഥാർത്ഥ്യങ്ങളെ നേരിട്ടത്. ഇടശ്ശേരിയുടെ ഈ ഉൾക്കരുത്ത് ആധ്യാത്മികതയുടേതാണോ എന്നതാണ് ഇവിടെ ചോദിക്കാനുള്ള ചോദ്യം.

വരട്ടെ, ഇങ്ങിനെയൊരു സമാന്യവൽക്കരണത്തിലേക്കു മുന്നേറാനുള്ള പ്രലോഭനങ്ങൾ ഏറെയാണെങ്കിലും ഇവിടെ കവിതന്നെ ചില വേലിക്കെട്ടുകൾ തീർത്തിട്ടുണ്ട്. ഇടശ്ശേരിയുടെ ഏറെ പ്രസിദ്ധമായ കവിതയാണല്ലോ 'ബുദ്ധനും നരിയും ഞാനും'. ആധ്യാത്മിക മൂല്യങ്ങളെ വിഗ്രഹവൽക്കരിക്കാനുള്ള പ്രവണത ഏറെയുള്ള ഇന്ത്യയിലെ അമിതമായ ആദർശവൽക്കരണത്വരയെ നോക്കി അമർത്തിച്ചിരിക്കുകയാണ് നർമ്മലാഘവത്തോടെ എഴുതപ്പെട്ട ഇക്കവിത ചെയ്യുന്നത്. ഇവിടെ നിരായുധനായി വീടണയുന്ന നായകനെ വിജനപാതയിൽ എതിരേൽക്കുന്നത് ഭീഷണനായ നരിയാണ്. അതിന്റെ മുതുകിലേക്ക് കരുണാമൂർത്തിയായ ബുദ്ധന്റെ പ്രതിമയെറിഞ്ഞാണ് നായകൻ സ്വയം രക്ഷിയ്ക്കുന്നത്. ലക്ഷ്യത്തെ ചിലപ്പോൾ മാർഗ്ഗവും സാധൂകരിക്കുമെന്ന വാച്യമായ ഗുണപാഠത്തിനുമപ്പുറം ചില മാനങ്ങൾ ഇക്കവിതയിലുണ്ട്. മാനവികതയ്ക്കുമപ്പുറമുള്ള അമൂർത്തമായ ആധ്യാത്മികതയ്ക്ക് വലിയ പ്രസക്തിയൊന്നുമില്ലെന്നു തന്നെയാണ് ഈ കവിത പറഞ്ഞുവെയ്ക്കുന്നത്. അപ്പോൾ ജീവിതവൈരുധ്യങ്ങളെ ഏതോ കാഴ്ചപ്പാടിലൂടെ സമരസപ്പെടുത്തി മനുഷ്യനെ അവാച്യമായൊരു പ്രശമാവസ്ഥയിലേക്ക് ഉപനയിക്കുന്നതായി പറയപ്പെടുന്ന ആധ്യാത്മികതയ്ക്ക് ഇടശ്ശേരിക്കവിതയിൽ സ്ഥാനമെവിടെയാണ്?

തികച്ചും ന്യായമായ ചോദ്യം. ഇടശ്ശേരിക്കവിതയുടെ വ്യാകുലതകൾ എന്നും ദൈനന്ദിന ജീവിതപ്രശ്നങ്ങൾ തന്നെയായിരുന്നു. ദാരിദ്ര്യവും പട്ടിണിയും ഗാർഹിക ജീവിതനൊമ്പരങ്ങളും ദുരന്തങ്ങളുമെല്ലാമടങ്ങിയ ശരാശരി മനുഷ്യന്റെ സാമാന്യജീവിതത്തോടു പുറം തിരിഞ്ഞു നില്ക്കുന്ന ഒരാത്മീയത ആ കവിതയിലന്വേഷിയ്ക്കുന്നത് അന്യായം തന്നെ. ഗഹനമായ ആത്മീയ സമസ്യകളിൽ സ്വയം നഷ്ടപ്പെടാനുള്ള സന്നദ്ധതയും ഇടശ്ശേരി കാണിച്ചിട്ടില്ല. കുമാരാനാശാനെപ്പോലെ ജീവിതത്തിന്റെ മൂർത്തസന്ദർഭങ്ങളിൽ നിന്നു ദാർശനിക പ്രശ്നങ്ങളിലേക്കു പറന്നുയരാനുള്ള വ്യഗ്രത അദ്ദേഹത്തിന്റെ കവിതയിലില്ല. എന്നാൽ വസ്തുതകൾ അവിടം കൊണ്ടവസാനിയ്ക്കുന്നില്ല. ഇടശ്ശേരിക്കവിതയുടെ പുറന്തലം സാധാരണ മനുഷ്യന്റെ സാധാരണ ജീവിതത്തെ പ്രതിനിധാനം ചെയ്യുന്നതായിരിക്കാം. എന്നാൽ ഖനനം ചെയ്യുംതോറും കൂടുതൽ കൂടുതൽ അനുഭവവേദ്യമാകുന്ന ഒരാധ്യാത്മിക തലത്തിന്റെ അദൃശ്യസാന്നിധ്യം ഇടശ്ശേരിക്കവിതയ്ക്കുണ്ട്.

ഇവിടെ നമ്മുടെ ഗാഢപാരായണമർഹിയ്ക്കുന്ന ഒരു കവിതയാണ് 'പള്ളിച്ചൂണ്ടൽ' തന്റെ ഭാഗിനേയി സന്നിപാതജ്വരം മൂലം മൃതിയടഞ്ഞതിന്റെ പശ്ചാത്തലത്തിലെഴുതിയ കവിതയാണിതെന്ന് ഇടശ്ശേരി തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുടുംബത്തിലുണ്ടാകുന്ന അത്യാഹിതം ആരുടെയും ആസ്തിക്യബോധത്തിനെ പിടിച്ചുലയ്ക്കുന്ന ഒരു തീക്ഷ്ണാനുഭവമാണ്. പ്രാർത്ഥനാ നിരതങ്ങളായ കുറെ ദിവസങ്ങളുടെ അനിഷ്ടപര്യവസാനമായിരുന്നു ആ മരണമെന്ന് കവിതന്നെ വെളിപ്പെടുത്തുകയും

ചെയ്യുന്നുണ്ട്. ‘ആസ്തികവര്യ’നായ സോമനെന്ന കഥാപാത്രമാണ് കഥയിലെ നായകൻ; ഭക്തി ശരിയ്ക്കുമൊരു ലഹരിയായി മാറിയ ആ കുടുംബനാഥൻ ഈശ്വര പൂജാനിരതനായി കാലയാപനം നടത്തുന്നു. ഒട്ടേറെ അവസരങ്ങളിൽ ഈശ്വരകടാക്ഷം അനുഭവിച്ചതിന്റെ തെളിവുകണ്ട സോമൻ, പക്ഷെ, സ്വന്തം മകന്റെ ജീവൻ നഷ്ടപ്പെടുന്നതു തടയാൻ ഈശ്വരകൃപയ്ക്കുമാവുന്നില്ലെന്നു നടുക്കത്തോടെ മനസ്സിലാക്കുന്നു. പ്രാർത്ഥനകൾക്കൊന്നും ആ ദുരന്തത്തെ അകറ്റാനായില്ല. ആ അവസരത്തിലാണൊരു ഗുരുവും ശിഷ്യനും സോമനെത്തേടി വരുന്നത്. നാട്ടിലെ ആസ്തിക്യനിലവാരമളക്കാനാണവർ ഇറങ്ങിത്തിരിച്ചതത്രേ. നാസ്തികർ പെരുകുന്ന ഇന്നാട്ടിൽ താങ്കളെങ്കിലുമുണ്ടല്ലോ ഒരാദർശമാതൃകയായിയെന്നാണ് ഗുരു സോമനെക്കാണുമ്പോൾ ആശ്വാസപൂർവ്വം പറയുന്നത്. ഇതിനുള്ള സോമന്റെ മറുപടി തന്റെ മുറിയിൽ പ്രതിഷ്ഠിച്ച പൂജാവിഗ്രഹത്തെ പുറത്തേയ്ക്കു വലിച്ചെറിയുകയെന്ന പ്രവൃത്തിയാണ്. ഇത്രകാലം സപ്രശ്രയം പ്രാർത്ഥിച്ചതിന് ഈശ്വരൻ നല്കിയ പ്രതിഫലത്തോടുള്ള അമർഷം മുഴുവൻ ആ പൊട്ടിത്തെറിയിൽ പ്രകടമാവുന്നു. തീർന്നില്ല, ആസ്തിക്യപ്രചാരകരായ ഗുരുവെയും ശിഷ്യനെയും ആ നിമിഷം തന്നെ പടിയിറക്കിവിടുന്നുമുണ്ട് അയാൾ. ഈ മനുഷ്യനൊരു പിശാചാണോ എന്നു സ്വാഭാവികമായും ശിഷ്യൻ സംശയിച്ചുപോകുന്നു. എന്നാൽ ഗുരുവിനു യാതൊരു പരിഭ്രമവുമില്ല. ആസ്തിക്യത്തിന്റെ ചൂണ്ടയിൽക്കുരുങ്ങിയാൽ പിന്നെ പുറത്തുപോകുന്ന പ്രശ്നമേയില്ലെന്ന് ഗുരു ചൂണ്ടിക്കാട്ടുന്നു. ഇക്കാര്യം ശിഷ്യനു നേരിൽ ബോധ്യപ്പെടുമെന്നും അദ്ദേഹം പറയുന്നു.

ഏറെ സമയമൊന്നും വേണ്ടിവന്നില്ല, ശിഷ്യനു ഗുരുവചനത്തിന്റെ പൊരുൾ തിരിയാൻ. പിറ്റേന്നു സോമന്റെ ഗൃഹപരിസരത്തിലെത്തിച്ചേരുന്ന അയാളെ എതിരേൽക്കുന്നത് ഒരു അസാധാരണമായ കാഴ്ചയാണ്. താൻ വലിച്ചെറിഞ്ഞ പൂജാവിഗ്രഹത്തിനു മുമ്പിൽ കേണുകരയുകയാണ് സോമൻ! അതു വീണ കാട്ടുപ്രദേശം വെട്ടിത്തെളിച്ച് അവിടെയൊരു പുതിയ കോവിൽ പണിചെയ്യാനുള്ള വ്യഗ്രതിലാണ് ആ ഉപാസകൻ ശിഷ്യനു കാര്യം പിടികിട്ടുന്നു:

“ഭക്തിയാം ചൂണ്ടലൊരിക്കൽ വിഴുങ്ങിയ
ഭാഗ്യഹീനന്നില്ല മുക്തിപിന്നെ!”

“ഭക്തിയാം ചൂണ്ടൽ”, എന്താണിതിനർത്ഥം? തീർച്ചയായും ഇവിടെ ആസ്തിക്യത്തോടുള്ള ഒരു പരിഹാസം സ്ഫുരിയ്ക്കുന്നുണ്ട്. ഭാഗ്യഹീനനെന്ന വിശേഷണവും സാർത്ഥകമത്രേ. എന്നാൽ ഇതൊന്നും 'Free Man's Worship' എഴുതിയ ബർട്രന്റ് റസ്സലിന്റെ മാനസികതലത്തിൽ നിന്നുണ്ടായ പരിഹാസമല്ല. റസ്സലിന്റെ ലേഖനത്തിലെ ഈശ്വരൻ നിരന്തര പീഡനത്തിനു വിധേയരായ ഇരകളുടെ സ്തുതിവചനങ്ങൾ കേട്ടു നിർവൃതിയടയുന്ന ഒരു പരപീഡാലോലനാണ്. ഇടശ്ശേരി അത്രത്തോളം പോകുന്നില്ല. ആർദ്രമായൊരാത്മപരിഹാസമാണ് അദ്ദേഹത്തിന്റേത്. എല്ലാം പറഞ്ഞുകഴിഞ്ഞാലും തനിക്ക് ആധ്യാത്മികതയിൽനിന്നു മോചനമില്ലെന്ന് ഒരു ദീർഘനിശ്വാസത്തോടെ – പകുതി കളിയായും പകുതി കാര്യമായും – കവി തിരിച്ചറിയുന്നതിന്റെ സ്വരമാണിക്കവിതയിലുള്ളത്. എൻ.വി.യ്ക്കു പഥ്യമായ ഒരു പ്രയോഗമുണ്ടല്ലോ– അവസാനത്തെ ആസ്പത്രി. തപോവനങ്ങൾ നിറഞ്ഞ ഹിമവൽപർവ്വതപ്രദേശം പ്രതീകവൽക്കരിച്ച ഇന്ത്യയുടെ ആത്മീയതയാണല്ലോ അത്. എല്ലാ പ്രതിവിധികളും പരാജയപ്പെടുമ്പോൾ ശരണം പ്രാപിക്കാനുള്ള അവസാനത്തെ അഭയകേന്ദ്രമായി അധ്യാത്മികതയെ ഇടശ്ശേരിയും മനസ്സിൽ കൊണ്ടുനടന്നിട്ടുണ്ടാകണം.

ഇടശ്ശേരിക്കവിതയും ഗാന്ധിയൻ ദർശനവുമായുള്ള സുദൃഢമായ ആത്മബന്ധം ഈ ആത്മീയതയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ബുദ്ധപ്രതിമ നരിയ്ക്കു മേലെറിഞ്ഞു സ്വജീവൻ രക്ഷിക്കുന്നതിനെ കൊണ്ടാടുമ്പോഴും കവി ആത്യന്തികമായി ഒരഹിംസാവാദിതന്നെയായിരുന്നു. തിന്മയുടെ മുമ്പിൽ വിക്ഷുബ്ധമാകുന്ന ഹിംസാത്മകതയല്ല, അതിനെ അതിവർത്തിക്കാൻ മാത്രം കരുത്തുകാട്ടുന്ന അഹിംസാത്മകത തന്നെയാണ് ഇടശ്ശേരിക്കവിതയുടെ ദാർശനികതലത്തെ പ്രോദ്ദീപ്തമാക്കുന്നത്. ഇടശ്ശേരിയുടെ വിശ്രുതമായ ‘പൂതപ്പാട്ടു’തന്നെ എടുക്കുക. ഇവിടെ നായികയായ നങ്ങേലി എല്ലാ കുടില തന്ത്രങ്ങളും പ്രയോഗിക്കുന്ന പൂതത്തെക്കൊണ്ട് അടിയറവു പറയിക്കുന്നത് ബദൽ തന്ത്രങ്ങൾകൊണ്ടല്ല, മാതൃത്വത്തിന്റെ പരിശുദ്ധമായ ആത്മീയശക്തികൊണ്ടാണ്. തിന്മകളോടു രാജിയാവുന്ന നിഷ്ക്രിയതല്ല ഇടശ്ശേരിയുടെ ആധ്യാത്മികത; തിന്മകളെ സ്വശക്തികൊണ്ട് നിഷ്പ്രഭമാക്കുന്ന നന്മതന്നെയാണ്.

മാതൃസാന്നിധ്യം ഒരു മാതൃദേവതാസാന്നിധ്യമായിത്തന്നെ ഇടശ്ശേരിക്കവതിയുടെ കൂടുതൽ മൂർത്തമായ തലത്തിലുണ്ട്. കാർഷികമായ കേരള സംസ്കൃതിയാണല്ലോ ഇടശ്ശേരിയുടെ ശരിയ്ക്കുള്ള തട്ടകം. ഇവിടെ അമ്മദൈവത്തിന്റെ സാന്നിധ്യം സ്വാഭാവികം തന്നെ. ‘കാവിലെപ്പാട്ട്’ ഇടശ്ശേരിയുടെ മനസ്സിന്റെ അടിത്തട്ടിലാണ്ടു പതിഞ്ഞുകിടക്കുന്ന മാതൃമുദ്രയെ വാഴ്ത്തിയുണർത്തുന്നു.

അലറിപൂത്തുകാവുകളിൽ
കുരുതിയൂത്തപോലെ
പകലറുതിപ്പരൽ നിരകൾ
കോൽത്തരികൾ പോലെ
സമയമായി സമയമായി
തേരിറങ്ങുകംബേ
സമയമതാലംബേ

എന്നിങ്ങനെ അവിസ്മരണീയവും ചേതോഹരവുമായ ബിംബങ്ങളുടെ ആവിഷ്കരണത്തിലൂടെയാണ് കവിതയാരംഭിക്കുന്നത്. കാർഷികസംസ്കൃതിയിലെ ധർമ്മസംരക്ഷണനിരതയും ഭീഷണവും ക്രൂരയുമായ മാതൃദേവതയെയാണ് ഇക്കവിത ആവാഹനം ചെയ്യുന്നത്. 'സകലലോക പാലനൈക സമയമതാലംബ'-ഇടശ്ശേരിക്കവിതയിൽ അത്യാസാധാരണമായ ഈ ദീർഘസമാധശൈലി അതിന്റെ അസാധാരണത്വം കൊണ്ടുതന്നെ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. സമതമതമെന്ന താന്ത്രികശാഖയോടു ബന്ധിപ്പിക്കുന്നുണ്ട് ഇവിടെ കവിഭാവന കേരളീയമായ മാതൃദേവതാ സങ്കല്പത്തെ. ഇവിടെ കാവിലമ്മയിൽ കാരുണ്യം/ക്രൗര്യം പിന്നെ ഒരു വൈരുധ്യാത്മകതലവും അടങ്ങിയിട്ടുണ്ട്. കവി സാദ്ഭുതം ചോദിക്കുന്നു.

"ക്രോധമൂർത്തേയെങ്ങിനെ നിൻ
സൃഷ്ടിയിലെ ക്രൗര്യം.
കോടികോടി പ്രപഞ്ചത്തിൽ
കുളിർത്തണലായ് മാറി?"

എന്നാൽ ഇവിടെയും പൂതപ്പാട്ടിലെന്നപോലെ ക്രൗര്യം കാരുണ്യത്തിനു മുമ്പിൽ പരാജയമേറ്റുവാങ്ങുന്നുണ്ട്. ലോകത്തിന്റെ പാവത്തിനുവേണ്ടി സ്വയം പീഡനമേറ്റു വാങ്ങുകയെന്ന ക്രൈസ്തവധർമ്മ സങ്കല്പത്തിന്റെ പശ്ചാത്തലം കവിതയുടെയും ധർമ്മ സങ്കല്പത്തെ മാറ്റിമറിക്കുന്നു. ഇവിടെ ക്രൗര്യത്തെ ദമനം ചെയ്യുന്നതു മറ്റൊരമ്മയാണ്. കാവിലെ ദേവിയുടെ രക്തദാഹം ശമിപ്പിക്കാൻ സ്വയം ഗളച്ഛേദത്തിനു മുതിരുന്ന ഒരു കുമാരന്റെ അമ്മ. അമ്മയുടെ പ്രലാപത്തിനു മുമ്പിൽ ആയിരം കഴുത്തറുത്ത ദേവിയുടെ പ്രതികാര വാഞ്ജ ചൂളിപ്പോകുന്നു. അന്നുമുതലാണ് സ്വയം വെട്ടി മുറിവേൽപ്പിക്കുന്ന കോമരം ദേവിയുടെ പ്രതീകമാവുന്നത്. ലോകം ചെയ്യുന്ന പാപത്തിനു സ്വയം വെട്ടിനോവിക്കുന്ന ദേവിയാണ് അയാൾ. മറ്റുള്ളവർക്കുവേണ്ടി സ്വയം ശിക്ഷിക്കുന്ന ആധ്യാത്മികതയായി ഇടശ്ശേരിയുടെ ആധ്യാത്മികത വളരുന്നു. ഗാന്ധിയൻ ആദർശധാരയ്ക്കും ഇണങ്ങുമല്ലോ ഈ ആധ്യാത്മികത.

അഭയപ്രഭയും വരദയുമായ പ്രകൃതിദേവി തന്നെയാണോ ഒടുവിൽ ഇടശ്ശേരി തന്നിൽ നിഗൂഹനം ചെയ്ത ആത്മീയതയുടെ പ്രഭവം? ഏതായാലും പൂതപ്പാട്ടിലും കാവിലെപ്പാട്ടിലും വിജയപതാകയുയർത്തുന്നത് അമ്മ തന്നെയാണ്. പ്രകൃതി പൂജ തന്നെയാണ് മാതൃപൂജ എന്ന് ഇടശ്ശേരി കൃത്യമായിത്തന്നെ തിരിച്ചറിഞ്ഞിരുന്നു. നേരും നെറിയും കലർന്ന കാർഷിക സംസ്കൃതി മനുഷ്യചരിത്രത്തിലെ മാതൃപർവ്വമാണെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ ഒരു യുഗപരിവർത്തനവേളയിൽ ആർദ്രമായ ഈ കാർഷിക സംസ്കൃതി എല്ലാ നന്മകളുടെയും നീരുറവകളെ വറ്റിച്ചുകളയുന്ന വ്യാവസായിക സംസ്കാരത്തിനു വഴിമാറിക്കൊടുക്കുമെന്ന് ഇടശ്ശേരി 'കുറ്റിപ്പുറം പാല'ത്തിലൂടെ കണ്ടറിഞ്ഞിരുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ ആത്യന്തികമായി മനുഷ്യന്റെ നീതിബോധവുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന തിരിച്ചറിവ് ഇവിടെയുണ്ട്. ഇക്കവിതയിൽത്തെളിയുന്ന ക്രാന്തദർശിത ആരെയും അത്ഭുതപ്പെടുത്തും. പരിസ്ഥിതി ദർശനത്തിന്റെ മാനവും ഉൾച്ചേർന്നതാണ് സമകാലികജീവിതത്തിലെ ആത്മീയതയെന്ന് ഇക്കവിത നമ്മെ ബോധ്യപ്പെടുത്തുന്നു. ധർമ്മസംവ്യക്തമായ, ബഹുരൂപമായ ഈ ആധ്യാത്മീകതയാണ് ഇടശ്ശേരിക്കവിതയെ പ്രകാശപൂർണ്ണമാക്കുന്നത്.